REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 28-04-2024 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- കഴിഞ്ഞ പത്തു വർഷങ്ങളിൽ രാജ്യം നേരിടുന്ന വെല്ലുവിളികൾക്ക് സുസ്ഥിര പരിഹാരം കണ്ടെത്താൻ ഗവൺമെന്റ് ശ്രമിക്കുകയായിരുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- ഉത്തർപ്രദേശിലെ റായ്ബറേലി, അമേഠി മണ്ഡലങ്ങളിലെ സ്ഥാനാർത്ഥികളെ രണ്ടു ദിവസത്തിനകം പ്രഖ്യാപിക്കുമെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ.
- 99,000 ടൺ സവാള കയറ്റുമതിയ്ക്ക് കേന്ദ്രം അനുമതി നൽകി.
- സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. കൊല്ലം, പാലക്കാട്, തൃശൂർ ജില്ലകളിൽ ഇന്ന് ഉഷ്ണതരംഗ സാധ്യത.
- IPL ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസ്, ലഖ്നൗ സൂപ്പർ ജയന്റ്സിനെ ഏഴ് വിക്കറ്റിന് പരാജയപ്പെടുത്തി.

## വാർത്തകൾ വിശദമായി

കഴിഞ്ഞ പത്തു വർഷങ്ങളിൽ രാജ്യം നേരിടുന്ന വെല്ലുവിളികൾക്ക് സുസ്ഥിര പരിഹാരം കാണാൻ ഗവൺമെന്റ് ശ്രമിക്കുകയായിരുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. മഹാരാഷ്ട്രയിലെ കോലാപൂരിൽ തിരഞ്ഞെടുപ്പ് റാലിയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. യുവജനങ്ങൾക്കും വനിതകൾക്കും ഗവൺമെന്റ് എന്നും മുൻഗണന നൽകി. യുവാക്കൾക്ക് തൊഴിലവസരം സൃഷ്ടിക്കാൻ ആത്മനിർഭർ ഭാരതും, സ്റ്റാർട്ടപ്പ് ഇന്ത്യ സംരംഭങ്ങളും ആരംഭിച്ചു. NDA വീണ്ടും ഭരണത്തിലെത്തിയാൽ

മുദ്രപദ്ധതിയിലെ വായ്പ 20 ലക്ഷം രൂപയാക്കും. ഇപ്പോളിത് പത്ത് ലക്ഷം രൂപയാണ്.

ഇൻഡി സഖ്യത്തിന് ദേശവിരുദ്ധതയുടെയും, വിദ്വേഷ രാഷ്ട്രീയത്തിന്റെയും രണ്ട് സെൽഫ് ഗോളുകളാണ് ഇതിനകം നേടാൻ കഴിഞ്ഞതെന്ന് പ്രധാനമന്ത്രി വിലയിരുത്തി. പട്ടിക- പിന്നാക്ക വിഭാഗങ്ങളുടെയും, ദുർബല ജനതയുടെയും, ക്ഷേമത്തിനുവേണ്ടി നടത്തിയ ശ്രമങ്ങൾ NDAയെ വീണ്ടും അധികാരത്തിലെത്തിക്കുമെന്ന് പ്രധാനമന്ത്രി വിശ്വാസം പ്രകടിപ്പിച്ചു.

✪✪✪

ഏക ഭാരത- ശ്രേഷ്ഠ ഭാരത സങ്കല്പത്തിന് ഗോവ ഉത്തമ ഉദാഹരണമാണെന്ന് പ്രധാനമന്ത്രിയും മുതിർന്ന BJP നേതാവുമായ നരേന്ദ്രമോദി പറഞ്ഞു. വരുംവർഷങ്ങളിൽ മൂന്ന് കോടി മികച്ച വീടുകൾ ഗവൺമെന്റ് നിർമ്മിക്കും. പൈപ്പ്-പാചക വാതകം ഉൾപ്പെടെ സൗകര്യങ്ങൾ ഇത്തരം വീടുകളിൽ ഒരുക്കുമെന്നും അദ്ദേഹം വാസ്കോയിൽ അറിയിച്ചു.

മീൻപിടുത്ത സമുദായങ്ങളെ കോൺഗ്രസ് എക്കാലവും മറക്കുകയായിരുന്നുവെന്നും NDA ഗവൺമെന്റ് അവർക്കായി പ്രത്യേക മന്ത്രാലയം തന്നെ രൂപീകരിച്ചതായും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ഉത്തർപ്രദേശിലെ റായ്ബറേലി, അമേഠി സീറ്റുകളിലുൾപ്പെടെ സ്ഥാനാർത്ഥികളെ രണ്ടു ദിവസത്തിനകം പ്രഖ്യാപിക്കുമെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ അറിയിച്ചു. രണ്ട് സീറ്റുകളിലും രാഹുൽഗാന്ധിയോ, പ്രിയങ്കാഗാന്ധിയോ മത്സരിക്കണമെന്ന നിർദ്ദേശം UP കോൺഗ്രസ് നേതൃത്വം, കേന്ദ്ര തിരഞ്ഞെടുപ്പ് സമിതിയ്ക്ക് കൈമാറിയിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയുടേതായിരിക്കും.

ഏഴുഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് ഇതുവരെ 308 സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചിട്ടുണ്ട്.

✪✪✪

കേന്ദ്രഗവൺമെന്റ് രാജ്യത്ത് തൊഴിലില്ലായ്മയും പണപ്പെരുപ്പവും സൃഷ്ടിച്ചെന്ന് AICC ജനറൽ സെക്രട്ടറി പ്രിയങ്കാഗാന്ധി കുറ്റപ്പെടുത്തി. രാജ്യത്ത് 70 കോടിയോളം ആളുകൾ തൊഴിലില്ലാത്തവരാണെന്നും, 30 ലക്ഷത്തോളം കേന്ദ്രഗവൺമെന്റ് ഒഴിവുകൾ നികത്തിയിട്ടില്ലെന്നും

അവർ മഹാരാഷ്ട്രയിലെ ലാത്തൂരിൽ പറഞ്ഞു. തിരഞ്ഞെടുപ്പ് പ്രചാരണ റാലിയിൽ പങ്കെടുക്കുകയായിരുന്നു പ്രിയങ്കാഗാന്ധി. കോൺഗ്രസ് അധികാരത്തിലെത്തിയാൽ കാർഷികോപകരണങ്ങളുടെ ചരക്കുസേവന നികുതി ഒഴിവാക്കുമെന്നും പ്രിയങ്ക പറഞ്ഞു.

✪✪✪

രാജ്യത്ത് നാലാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന്റെ നാമനിർദ്ദേശ പത്രികകൾ നാളെ വരെ പിൻവലിക്കാം. അടുത്ത മാസം 13 നാണ് നാലാം ഘട്ടത്തിലെ വോട്ടെടുപ്പ്.

അഞ്ചാം ഘട്ടത്തിലേക്ക് അടുത്ത മാസം മൂന്ന് വരെ പത്രിക സമർപ്പിക്കാം. മെയ് 20 നാണ് വോട്ടെടുപ്പ്.

ആറാം ഘട്ട തിരഞ്ഞെടുപ്പിന് വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ നാളെ പുറപ്പെടുവിക്കും. മെയ് 25 നാണ് ആറാം ഘട്ട വോട്ടെടുപ്പ്.

✪✪✪

CPIM സംസ്ഥാന സെക്രട്ടേറിയറ്റ് യോഗം നാളെ ചേരും. ലോക്സഭാ തിരഞ്ഞെടുപ്പിന്റെ വിശകലനത്തിനു വേണ്ടിയാണ് യോഗം വിളിച്ചത്. LDF കൺവീനറും കേന്ദ്ര കമ്മിറ്റിയംഗവുമായ EP ജയരാജനെതിരെ ഉയർന്ന ആരോപണം യോഗം ചർച്ച ചെയ്തേക്കും.

✪✪✪

വടകര മണ്ഡലത്തിൽ പോളിങ് വൈകിയ സംഭവത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി ആവശ്യപ്പെട്ട് തെരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകുമെന്ന് DCC പ്രസിഡന്റ് K പ്രവീൺകുമാർ അറിയിച്ചു. സ്ത്രീകളടക്കം വോട്ടർമാർ രാത്രി 11-വരെ ക്യൂ നിന്നാണ് വോട്ടു ചെയ്തതെന്ന് പ്രവീൺകുമാർ കുറ്റപ്പെടുത്തി.

✪✪✪

ഇടതു വോട്ടുകൾ UDF ന് മറിച്ചു നൽകി NDA സ്ഥാനാർഥിയെ പരാജയപ്പെടുത്താൻ പത്തനംതിട്ടയിൽ നീക്കം നടന്നതായി BJP കുറ്റപ്പെടുത്തി. ഇതിന്റെ ഭാഗമായാണ് കുമ്പഴവടക്ക് ഒന്നാം ബൂത്തിൽ ഷേർളി എന്ന CPIM പോഷക സംഘടനാ നേതാവിനെ മുൻനിർത്തി വോട്ടെടുപ്പ് അലങ്കോലപെടുത്താൻ ശ്രമിച്ചതെന്ന് BJP ജില്ലാപ്രസിഡണ്ട് V A സൂരജ് പറഞ്ഞു.

✪✪✪

**NDA യ്ക്ക് സംസ്ഥാനത്ത് നല്ല ആത്മവിശ്വാസമുണ്ടെന്ന് BJP സംസ്ഥാന ജനറൽ സെക്രട്ടറി M.T രമേശ് പറഞ്ഞു. സഖ്യം ഉന്നയിച്ച മോദി ഗ്യാരണ്ടി അട്ടിമറിയ്ക്കാൻ പല വിവാദങ്ങളും സംസ്ഥാനത്ത് ഉണ്ടാക്കിയെന്ന് അദ്ദേഹം കോഴിക്കോട്ട് കുറ്റപ്പെടുത്തി. വോട്ടിംഗ് ദിവസം അനാവശ്യ നിയന്ത്രണങ്ങളും വോട്ടെടുപ്പ് വൈകിപ്പിക്കലും വഴി വോട്ടർമാരെ ബൂത്തുകളിൽ നിന്നകറ്റാൻ ശ്രമമുണ്ടായെന്നും MT രമേശ് ആരോപിച്ചു.**

**✪✪✪**

**ആറു രാജ്യങ്ങളിലേക്ക് 99,000 ടൺ സവാള കയറ്റി അയക്കാൻ കേന്ദ്രം അനുമതി നൽകി. ബംഗ്ലാദേശ്, UAE, ഭൂട്ടാൻ, ബഹ്റിൻ, മൗറീഷ്യസ്, ശ്രീലങ്ക എന്നീ രാജ്യങ്ങളിലേക്കാണ് കയറ്റുമതി. കഴിഞ്ഞ ഡിസംബറിൽ സവാള കയറ്റുമതിക്ക് കേന്ദ്രം നിരോധനം ഏർപ്പെടുത്തിയിരുന്നു. ഇതിനു പുറമെ 2,000 ടൺ വെള്ളസവാള പശ്ചിമേഷ്യയിലേക്കും യൂറോപ്യൻ രാജ്യങ്ങളിലേക്കും കയറ്റി അയക്കാനും അനുമതി നൽകിയിട്ടുണ്ട്.**

**✪✪✪**

**സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. കൊല്ലം, പാലക്കാട്, തൃശൂർ ജില്ലകളിൽ ഇന്ന് ഉഷ്ണതരംഗത്തിന് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ് അറിയിച്ചു. അടുത്ത ദിവസങ്ങളിൽ കൊല്ലം, തൃശൂർ ജില്ലകളിൽ 40 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരുമെന്നാണ് മുന്നറിയിപ്പ്. കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ട്.**

**✪✪✪**

**തുടർച്ചയായ രണ്ടാം ദിവസവും പാലക്കാട് ഉഷ്ണതരംഗം ഉണ്ടാകുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്നലെ ജില്ലയിൽ കടുത്ത വേനൽച്ചൂട് അനുഭവപ്പെട്ടിരുന്നു.**

**കൂടുതൽ വിവരങ്ങളുമായി പാലക്കാട് പ്രതിനിധി ഫൈസൽ അലിമുത്ത്.....**

**............(വോയ്സ് ...)................**

**✪✪✪**

ഉഷ്ണതരംഗ സാധ്യത കണക്കിലെടുത്ത് സംസ്ഥാനത്ത് അതീവ ജാഗ്രത പാലിക്കണമെന്ന് മന്ത്രി വീണാ ജോർജ് നിർദ്ദേശം നൽകി. കുഞ്ഞുങ്ങൾ, പ്രായമായവർ, ഗർഭിണികൾ, ഗുരുതര രോഗബാധിതർ തുടങ്ങിയവർ പ്രത്യേകം ശ്രദ്ധിക്കണം. നിർജലീകരണ സാധ്യത മുൻനിർത്തി ധാരാളം വെള്ളം കുടിക്കണം. ശാരീരിക ബുദ്ധിമുട്ടുകളുണ്ടായാൽ ഉടൻ ചികിത്സ തേടണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

✪✪✪

സംസ്ഥാനത്തിന്റെ തെക്കൻ ജില്ലകളിൽ ഇന്നുമുതൽ അഞ്ചു ദിവസം നേരിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. തിരുവനന്തപുരം മുതൽ ഇടുക്കി വരെ ഏഴ് ജില്ലകളിലാണ് മഴ മുന്നറിയിപ്പ്. അതേസമയം, കേരള തമിഴ്നാട് തീരങ്ങളിൽ ഇന്ന് ഉയർന്ന തിരമാലയ്ക്ക് സാധ്യതയുണ്ടെന്നും മത്സ്യത്തൊഴിലാളികളും തീരവാസികളും ജാഗ്രത പാലിക്കണമെന്നും നിർദ്ദേശമുണ്ട്.

✪✪✪

തിരഞ്ഞെടുപ്പ് ദിവസമായ വെള്ളിയാഴ്ച്ച വൈദ്യുതി ഉപയോഗം സകല റെക്കോർഡുകളും ഭേദിച്ചു. വൈകീട്ട് ആറു മുതൽ 12 വരെ ഉയർന്ന ഉപയോഗ സമയത്ത് ചരിത്രത്തിൽ ആദ്യമായി 5,600 മെഗാവാട്ടിന് മുകളിൽ വൈദ്യുതി ഉപയോഗമെത്തി. ജില്ലകളിൽ ഉഷ്ണതരംഗ മുന്നറിയിപ്പ് ഉൾപ്പെടെ ഉണ്ടായ പാശ്ചാത്തലത്തിലാണ് വൈദ്യുതി ആവശ്യകത കുതിച്ചുയർന്നത്.

✪✪✪

ലഖ്നൗവിൽ IPL ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസ്, ലഖ്നൗ സൂപ്പർ ജയന്റ്സിനെ ഏഴ് വിക്കറ്റിന് പരാജയപ്പെടുത്തി.

ഇന്ന് വൈകീട്ട് മൂന്നരയ്ക്ക് അഹമ്മദാബാദിൽ ഗുജറാത്ത് ടൈറ്റൻസ്, റോയൽ ചലഞ്ചേഴ്സ് ബെംഗലൂരുവിനെ നേരിടും. മറ്റൊരു മത്സരത്തിൽ, ചെന്നൈയിൽ, ചെന്നൈ സൂപ്പർ കിംഗ്സും സൺറൈസേഴ്സ് ഹൈദരാബാദും ഏറ്റുമുട്ടും. രാത്രി 7.30നാണ് മത്സരം.

✪✪✪

ISL ഫുട്ബോൾ സെമിഫൈനൽ രണ്ടാം പാദ മത്സരത്തിൽ ഒഡിഷ, ഇന്ന് മോഹൻ ബഗാൻ FC യെ നേരിടും. കൊൽക്കത്തയിൽ വൈകീട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

കണ്ണൂർ ജില്ലാ ഫുട്ബോൾ അസോസിയേഷന്റെ ,സീനിയർ സൂപ്പർ ഡിവിഷൻ ലീഗ് ഫുട്ബോൾ മത്സരങ്ങൾ ഇടവേളക്ക് ശേഷം ഇന്ന് പുന:രാരംഭിക്കും. ജവഹർ സ്റ്റേഡിയത്തിൽ ഉച്ചകഴിഞ്ഞ് മൂന്നിന്, പയ്യന്നൂർ കോളേജ്- കണ്ണൂർ ബ്രദേർസ് ക്ലബ്ബുമായും, അഞ്ചിന് കണ്ണൂർ സ്പോർട്സ് ഡെവലപ്പ്മെന്റ് ട്രസ്റ്റ്- കണ്ണൂർ ലക്കി ബോയ്സുമായും ഏറ്റുമുട്ടും.

✪✪✪

കോട്ടയം വെള്ളൂപറമ്പിൽ നഴ്സിംഗ് വിദ്യാർഥികളുടെ ബൈക്ക് നിയന്ത്രണം വിട്ട് വൈദ്യുതി പോസ്റ്റിൽ ഇടിച്ച് ഒരാൾ മരിച്ചു. മറ്റൊരാളെ ഗുരുതരാവസ്ഥയിൽ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ വൈകിട്ടായിരുന്നു അപകടം. നട്ടാശ്ശേരി സ്വദേശി അക്ഷയ് കുമാർ ആണ് മരിച്ചത്. തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ ബംഗ്ലൂരുവിൽ നിന്നെത്തിയതായിരുന്നു രണ്ടുപേരും.

✪✪✪

തായ്‌ലൻഡിൽ പാരാഗ്ലൈഡിങ്ങിനിടെ പരിക്കേറ്റ് ചികിത്സയിലായിരുന്ന ചങ്ങനാശ്ശേരി ചീരഞ്ചിറ ഗവ. യുപി സ്കൂൾ പ്രധാന അധ്യാപിക റാണി മാത്യു മരിച്ചു. മൃതദേഹം അടുത്തദിവസം നാട്ടിലെത്തിക്കും.

✪✪✪

ദേശീയപാതയിലെ മാഹി പാലത്തിന്റെ അടിയന്തര അറ്റകുറ്റപ്പണികൾ നാളെ ആരംഭിക്കും. നാളെ മുതൽ 12 ദിവസത്തേക്ക് പാലം പൂർണമായി അടച്ചിട്ടായിരിക്കും നവീകരണം. ഗതാഗതം മോന്താൽ പാലം വഴി തിരിച്ചുവിട്ടിട്ടുണ്ട്.

✪✪✪

നോർത്ത് ഫ്രോണ്ടിയർ റെയിൽപാതയിൽ അറ്റകുറ്റപ്പണി നടക്കുന്നതിനാൽ സർവീസുകളിൽ മാറ്റം വരുത്തിയതായി റെയിൽവേ അറിയിച്ചു. ചൊവ്വാഴ്ച വൈകീട്ട് 4.55ന് തിരുവനന്തപുരം സെൻട്രലിൽ നിന്ന് പുറപ്പെടുന്ന തിരുവനന്തപുരം സെൻട്രൽ - സിൽചാർ അരോണ സൂപ്പർഫാസ്റ്റ് എക്സ്പ്രസ് പൂർണമായി റദ്ദാക്കി.

✪✪✪